# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **4959** — **24/7/2015**-ൽ മറുപടിക്ക്

## നേമം മണ്ഡലത്തിലെ കുടിവെള്ളക്ഷാമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ശിവൻകുട്ടി | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) നേമം മണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി 09/7/2015 ൽ ബഹു. ജലവിഭവ വകുപ്പ് മന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ ആരൊക്കെ പങ്കെടുത്തുവെന്നും യോഗത്തിന്റെ തീരുമാനങ്ങൾ എന്തൊക്കെയാണെന്നും പ്രസ്തുത തീരുമാനങ്ങളിൽ നടപ്പിലാക്കപ്പെട്ടത് ഏതൊക്കെയാണെന്നും വിശദമാക്കുമോ? | (എ) 09/7/2015-ലെ യോഗത്തിന്റെ തീരുമാനങ്ങൾ, പങ്കെടുത്തവരുടെ പേരുവിവരം എന്നിവ അനുബന്ധം-1 ആയും യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ച നടപടികൾ അനുബന്ധം-2 ആയും ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

JSK/

**നേമം നിയോജക മണ്ഡലത്തിലെ കുടിവെള്ള പ്രശ്നം സംബന്ധിച്ച് 09.07.2015 ന് ബഹു. ജല വിഭവ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നിയമസഭാ മന്ദിരത്തിൽ കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ്**

യോഗം 11.30 ന് ആരംഭിച്ചു.

യോഗത്തിൽ ശ്രീ.വി.ശിവൻകുട്ടി എം.എൽ.എ. സന്നിഹിതനായിരുന്നു. യോഗത്തിൽ പങ്കെടുത്ത മറ്റുള്ളവരുടെ പേരുവിവരം അനുബന്ധമായി നൽകിയിട്ടുണ്ട്.

നേമം നിയോജക മണ്ഡലത്തിൽ അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമത്തിന്റെ രൂക്ഷത ബഹു.എം.എൽ.എ. ശ്രീ.ശിവൻകുട്ടി വിവരിച്ചു. നേമം മണ്ഡലത്തിന്റെ പല ഭാഗങ്ങളിലും ജലം അനേകം ദിവസത്തിന്റെ ഇടവേളയിലാണ് ലഭ്യമാകുന്നതെന്ന് ചൂണ്ടി കാണിക്കപ്പെട്ടു. കൂടാതെ തൃക്കണ്ണാപുരത്ത് നിന്നും ലഭിക്കുന്ന വെള്ളത്തിന്റെ ഗുണനിലവാരത്തെ സംബന്ധിച്ച് ആശങ്കയും അറിയിച്ചു. പൂജപ്പുരയിൽ സ്വിവറേജിന്റെ അപാകത നിമിത്തം വളരെ നാളുകളായി മലിന ജലം ഒഴുകി പരിസര നിവാസികൾക്ക് അസൗകര്യം സൃഷ്ടിക്കുകയാണെന്നും വ്യക്തമാക്കപ്പെട്ടു.

ബഹു.എം.എൽ.എ. ഉന്നയിച്ച കുടിവെള്ള പ്രശ്നം ഉടനടി പരിഹരിക്കുന്നതിന് അടിയന്തിരമായ ഹ്രസ്വകാല പരിഹാരങ്ങളും ശാശ്വത പരിഹാരത്തിനുള്ള ദീർഘകാല നടപടികളും ഇന്നത്തെ യോഗത്തിൽ കൈക്കൊള്ളണമെന്ന് ബഹു.ജലവിഭവ വകുപ്പ് മന്ത്രി നിർദ്ദേശിച്ചു. വിശദമായ ചർച്ചകൾക്കവസാനം താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു:

1. പാപ്പനം കോട് ജംങ്ഷൻ മുതൽ ശ്രീരാഗം ആഡിറ്റോറിയത്തിന് അടുത്തുവരെയുള്ള 500 മീറ്റർ ദൂരത്തിൽ റോഡിനിരുവശവും 200 എം.എം. പി.വി.സി. പൈപ്പ് സ്ഥാപിക്കുന്നതിന് പൈപ്പ് കേരള വാട്ടർ അതോറിറ്റി സപ്ലൈ ചെയ്യേണ്ടതും കുടിവെള്ളം അടിയന്തിരമായി ലഭ്യമാക്കേണ്ട സാഹചര്യം പരിഗണിച്ച് വർക്ക് negotiated contract വഴി 15 ദിവസത്തിനുള്ളിൽ പണി പൂർത്തീകരിക്കേണ്ടതുമാണ്. ഇതിലേയ്ക്കായി ബഹു.എം.എൽ.എ.യുടെ സാന്നിദ്ധ്യത്തിൽ ഇന്ന് (09.07.2015) വൈകുന്നേരം 4.30 ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഒരു സംയുക്ത പരിശോധന നടത്തേണ്ടതാണ്.

2. കരമന ശാസ്ത്രീനഗർ മുതൽ നേമം സ്കൂൾ ജംഗ്ഷൻ വരെ 6 കി.മീ. ദൂരത്തിൽ JNNURM പദ്ധതി പ്രകാരം പൈപ്പ് സ്ഥാപിക്കുന്ന പ്രവർത്തനത്തിലെ 4 കി.മീ. ഭാഗത്തെ പണി മന്ദഗതിയിലായത് കേരള വാട്ടർ അതോറിറ്റി മാനേജിംഗ്

ഡയറക്ടർ ഉടനടി അവലോകനം ചെയ്ത് ഒക്ടോബർ 2015 നകം പണി പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. തിരുവല്ലം, വണ്ടിത്തടം പൂങ്കുളം, പുഞ്ചക്കരി ഭാഗത്തെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് ജഡ്ജ് കുന്നിലെ ടാങ്കിൽ നിന്നും ജലം ലഭ്യമാക്കുവാൻ സാധിക്കുമോ എന്ന വസ്തുത സൂപ്രണ്ടിംഗ് എഞ്ചിനീയർ പരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

4. പൂജപ്പുരയിൽ മലിനജലം ഒഴുകുന്നത് അടിയന്തിരമായി സ്ഥലം പരിശോധന നടത്തി പരിഹരിക്കേണ്ടതാണ്.

5. തൃക്കണ്ണാപുരത്ത് 5 എം.എൽ.ഡി. ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന്റെ സാധ്യത പരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

യോഗം ഉച്ചയ്ക്ക് 12.30 ന് അവസാനിച്ചു.

പങ്കെടുത്തവരുടെ പട്ടിക

1. ശ്രീ.വി.ജെ.കുര്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്

2. ശ്രീ.അജിത് പാട്ടീൽ ഐ.എ.എസ്. മാനേജിംഗ് ഡയറക്ടർ

3. ശ്രീ.ശ്രീകുമാർ, ചീഫ് എഞ്ചിനീയർ (എസ്.ആർ), കേരള വാട്ടർ അതോറിറ്റി

4. ശ്രീമതി. ലീനാകുമാരി എസ്., സൂപ്രണ്ടിംഗ് എഞ്ചിനീയർ. പി.എച്ച്.സി., തിരുവനന്തപുരം.

5. ശ്രീമതി. പി.എൻ.സുധർമ്മ, അസി.എക്സി.എഞ്ചിനീയർ, ദേശീയപാത, തിരുവനന്തപുരം.

6. ശ്രീ.ഹരി.എൻ.ആർ, അസി.എക്സി.എഞ്ചിനീയർ, പി.റ്റി.പി.നഗർ, കേരള വാട്ടർ അതോറിറ്റി

7. ശ്രീ.രാജീവ് പി.എസ്., അസി.എക്സി.എഞ്ചിനീയർ, വാട്ടർ സപ്ലൈ സബ് ഡിവിഷൻ, പോങ്ങുംമൂട്

8. ശ്രീ.ജോൺ ജോഷി, അസി.എക്സി.എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം.

9. ശ്രീ.തോമസ ഐസക്ക് എൻ. എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം.

സെക്ഷൻ ഓഫീസർ

അനുബന്ധം II

## നേമം മണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി 09/7/2015ൽ ബഹു. ജലവിഭവ വകുപ്പ് മന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ സ്വീകരിച്ച നടപടികൾ

കരമന-കളിയിക്കാവിള റോഡ് പണിയുമായി ബന്ധപ്പെട്ട് പൈപ്പ് ലൈൻ മാറ്റിയിടുന്ന പ്രവൃത്തികൾ നടന്നുവരുന്നു. കൂടാതെ, റോഡ് പണിക്കിടെ അടിക്കടിയുണ്ടാകുന്ന പൈപ്പ് പൊട്ടലുകൾ സമയബന്ധിതമായി പരിഹരിച്ച് ജലവിതരണം സാധാരണ നിലയിലാക്കാനുള്ള ശ്രമങ്ങളും ചെയ്തുവരുന്നുണ്ട്. പ്രസ്തുത യോഗത്തിലെ തീരുമാനപ്രകാരം പാപ്പനംകോട് മുതൽ ഏകദേശം 500 മീറ്റർ ദൂരത്തിൽ റോഡിനിരുവശവും അടിയന്തിരമായി പി.വി.സി പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയും ഇന്റർ കണക്ഷൻ വർക്കുകളും ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. 09/7/2015 വൈകിട്ട് 4.30 ന് വാട്ടർ അതോറിറ്റി ചീഫ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ (എൻ.എച്ച്), കോൺട്രാക്റ്റേഴ്സ് (എൻ.എച്ച്) എന്നിവർ സംയുക്തമായി പരിശോധന നടത്തി വേണ്ട നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു.

കരമന മുതൽ നേമം വരെ എൻ.എച്ച് റോഡിൽ ഇടുന്ന ഡി.ഐ പൈപ്പ് ലൈനിന്റെ ജോലി സെപ്റ്റംബർ 2015-ന് മുമ്പ് സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട നിർദ്ദേശം കോൺട്രാക്ടർക്ക് നൽകിയിട്ടുണ്ട്.

പൂഞ്ചക്കരി ഭാഗത്ത് ജഡ്ജ്കുന്ന് ടാങ്കിൽ നിന്നുമാണ് ഇപ്പോൾ ജലവിതരണം നടത്തുന്നത്. തിരുവല്ലം, വണ്ടിത്തടം, പൂങ്കുളം എന്നീ സ്ഥലങ്ങ്ഹലിൽ ജഡ്ജ്കുന്ന് ടാങ്കിൽ നിന്നും ജലം ലഭ്യമാക്കാനുള്ള സാധ്യത JNNURM-JICA പദ്ധതി രൂപരേഖ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

പൂജപ്പുരയിൽ മലിനജലം ഒഴുകുന്നത് പരിഹരിക്കാൻ പുതിയ രണ്ട് പമ്പ് സെറ്റുകൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തൃക്കണ്ണാപുരത്ത് 5 എം.എൽ.ഡി വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു.

(ഒപ്പ്)
സെക്ഷൻ ഓഫീസർ